കണക്കിൽ ജനങ്ങളെ കബളിപ്പിക്കുന്നുണ്ട്. അങ്ങനെ അളവു തൂക്കങ്ങളിൽ കുറവ്, മായം ചേർക്കൽ, വിലയുടെ തോത്—ഈ വക കാര്യങ്ങളിലെല്ലാം ഉപഭോക്താക്കൾക്ക് സംരക്ഷണം നൽകാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇത് ചെയ്യുന്നത്.

ശ്രീ. എൻ. ശക്തൻ നാടാർ : ഉപഭോക്തൃ പ്രസ്ഥാനം എത്ര മാസത്തിനകം നടപ്പിലാകുമെന്ന് പറയാമോ ?

ശ്രീ. യു. എ. ബീരാൻ : അതാണ് ഞാൻ പറഞ്ഞത്, ഇൻഡ്യാ ഗവൺമെൻറിൽ ഇതു സംബന്ധിച്ച് ഒരു നിയമം കൊണ്ടുവരാൻ പോകുന്നു. ആ നിയമം വന്നശേഷം സംസ്ഥാനങ്ങളിലും അതുപോലെയുള്ള നിയമം കൊണ്ടുവരണമെന്നും കൗൺസിൽ രൂപീകരിക്കണമെന്നുമാണ് നിർദ്ദേശം. അതിനിടയിൽ ഒരു അഡ്വൈസറി കൗൺസിൽ സ്വസ്ഥാനത്ത് രൂപീകരിച്ചാൽ തരക്കേടില്ലെന്നാണ് അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി : ഉപഭോക്തൃ സംഘടനകൾക്ക് ഗ്രാൻറ് കൊടുക്കണമെന്നും ആ ഗ്രാൻറ് കൊടുക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് 50 ശതമാനം തുക ഓരോ കൊല്ലവും അലോട്ട് ചെയ്തും വച്ചിട്ടുണ്ട്. ആ തുക ഈ സംസ്ഥാനത്ത് ഇതുവരെ ഉപയോഗിക്കാതെ വന്നത് എന്തുകൊണ്ടാണ് ?

ശ്രീ. യു. എ. ബീരാൻ : കേന്ദ്ര ഗവൺമെൻറാണ് ഗ്രാൻറ് കൊടുക്കുന്നത്. ഉപഭോക്തൃ സംരക്ഷണ സംഘടനകൾക്ക് കേന്ദ്ര ഗവൺമെൻറിനെ സമീപിക്കാവുന്നതും ഗ്രാൻറ് അവരിൽ നിന്ന് വാങ്ങാവുന്നതുമാണ്.

കോൾകൃഷി വികസന പദ്ധതി

* 214. [235] ശ്രീ. പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, എ. കെ. കേശവൻ :
,, കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾകൃഷി വികസന പദ്ധതിയനുസരിച്ച് എത്ര കിലോമീറ്റർ ബണ്ടു നിർമ്മാണം പൂർത്തിയായിട്ടുണ്ട് ;

(ബി) ഇനി എത്ര കിലോമീറ്റർ ബണ്ടു നിർമ്മിക്കാൻ ബാക്കിയുണ്ട്;

(സി) ബണ്ടു നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകാൻ കാരണമെന്ത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 82.50 കിലോ മീറ്റർ.

(ബി) 132.50 കിലോമീറ്റർ.

(സി) പദ്ധതി പ്രവർത്തനത്തിന്റെ ആരംഭഘട്ടത്തിൽ ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിനുണ്ടായ കാലതാമസവും നബാർഡ്/സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ 1981 ഒക്ടോബർ മുതൽ 1983 ഡിസംബർ വരെ വായ്പാ സഹായം നിർത്തിവച്ചതും ബണ്ടു നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നതിന് കാരണമായി.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഈ പദ്ധതിക്കുവേണ്ടി 1981-ൽ ഉണ്ടാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് ഇതുവരെ നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. 1985 ഏപ്രിൽ മുതൽ ഈ പദ്ധതിക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ വായ്പാ സഹായം നൽകുന്നുമില്ല.

ശ്രീ. പി. കുമാരൻ : സർ, ഈ പദ്ധതി ഏതു കൊല്ലത്തിലാണ് പ്രവർത്തനമാരംഭിച്ചത്? ആ കാലത്ത് അതിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ?

ശ്രീ. എൻ. സുന്ദരൻ നാടാർ : തൃശ്ശൂർ കോൾ വികസന പദ്ധതി ആരംഭിച്ചത് 1978-79 ലാണ്. ഈ പദ്ധതിയുടെ അടങ്കൽ തുക തൊള്ളായിരത്തി അഞ്ച് ലക്ഷം രൂപയായിരുന്നു ?

ശ്രീ. പി. കുമാരൻ : ഇപ്പോൾ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയായി വർദ്ധിപ്പിച്ചിട്ടുണ്ട് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പുതുക്കിയ എസ്റ്റിമേറ്റ് തുക 21.41 കോടി രൂപയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : 1982-ലെ പുതുക്കിയ എസ്റ്റിമേറ്റാണ് 21 കോടി രൂപ. ആ 21 കോടി രൂപയ്ക്ക് നബാർഡ് നാലു വർഷമായിട്ടും അംഗീകാരം തരാത്തതിന്റെ കാരണമെന്താണ് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നബാർഡ് ഇതുവരെയും അതിന് അംഗീകാരം തന്നിട്ടില്ല. അതു കിട്ടുമെന്നുള്ള പ്രതീക്ഷ ഉണ്ട്. ഇൻറിം ലോണായി 1.25 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതു കിട്ടുമെന്നുള്ള പ്രതീക്ഷയാണുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ : ഒരേക്കറിൽ അയ്യായിരം രൂപയിൽ കൂടുതൽ സംഖ്യ ഒരു ബണ്ട് നിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയുകയില്ലെന്നുള്ളതാണ് നബാർഡിന്റെ നിലപാട്. അതിൽ കൂടുതലായി വരുന്ന സംഖ്യ കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യത ഏറ്റെടുത്തെങ്കിൽ മാത്രമേ നബാർഡ് സഹായം നൽകാൻ തയ്യാറാകൂ എന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് 1978-79-ൽ ആരംഭിച്ച് 1982-ൽ പൂർത്തിയാകേണ്ടതായിരുന്നു. നിലം വിറ്റാൽപ്പോലും ബണ്ടിന്റെ കാശ് നബാർഡിൽ തിരിച്ചടയ്ക്കാൻ കൃഷിക്കാർക്ക് കഴിയാത്ത സ്ഥിതി ഇത് നീണ്ടു പോയതിന്റെ ഫലമായി വന്നിരിക്കുകയാണ്. ഇത് പൂർത്തിയാക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ ?

ശ്രീ യു. എ. ബീരാൻ : നാലു കൊല്ലംകൊണ്ട് പൂർത്തിയാക്കണമെന്നുണ്ടായിരുന്നു. സ്ഥലം പൊന്നുംവിലയ്ക്ക് എടുത്തതിലുണ്ടായ കാലതാമസവും ലേബർ ചാർജിലുണ്ടായ വർദ്ധനവും നബാർഡ്, സ്റ്റേറ്റ് ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ 1981 ഒക്ടോബർ മുതൽ 1983 ഡിസംബർ വരെ വായ്പ നിർത്തിവച്ചതുമെല്ലാം ഈ താമസത്തിന് കാരണമാണ്.

ശ്രീ. എം. കെ. കേശവൻ : കോൾ വികസന പദ്ധതി അനുസരിച്ച് ബണ്ട് നിർമ്മാണം മാത്രമേയുള്ളോ ? അതുമായി ബന്ധപ്പെട്ട വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ബണ്ട് നിർമ്മാണം മാത്രമല്ല, റോഡ്, പാലം, റെഗുലേറ്റേഴ്സ് മുതലായവയ്ക്കും വേണ്ടിയും ധനസഹായം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കേശവൻ : 1982-ൽ അവസാനിക്കേണ്ട പദ്ധതി ഇതു വരെ അനുവാദം കിട്ടാതെയും പണി തുടങ്ങാതെയുമിരിക്കുന്നതിന്റെ ഫല മായി കുട്ടനാട്ടിലെ കെ. എൽ. ഡി. സി. യിലെ അനുഭവം തൃശൂർ കോൾ നിലങ്ങളിൽ ഉണ്ടാകുമെന്നുള്ളതുകൊണ്ട് അടിയന്തിരമായി ഇതിനു അംഗീ കാരം വാങ്ങി ഈ പരിപാടി നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അംഗീകാരം വാങ്ങുന്നതിനുള്ള എല്ലാ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : കോൾ വികസന പദ്ധതിയുടെ ഭാഗമായി മുകുന്ദപുരം താലൂക്കിലെ ചെമ്മണ്ടൽ കായൽ പ്രദേശത്ത് ബണ്ട് നിർമ്മാ ണത്തിന് സ്ഥലമെടുത്തു. ആ സ്ഥലത്തിന് പണം കൊടുക്കാത്തതു കൊണ്ട് വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഉടനടി ആ പണം കൊടുക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

നബാർഡിന്റെ വായ്പാ പദ്ധതി

* 215. [237] ശ്രീ. കെ. മുഹമ്മദാലി :
,, കെ. കെ. തോമസ് :
,, ജോസ് കുറ്റ്യാനി :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ വായ്പാ പദ്ധതി ഏതെല്ലാം കാർഷിക വിളകൾ ക്കാണ് നൽകി വരുന്നത് ;

(ബി) ഹെക്ടറിന് എത്ര രൂപവരെയാണ് വായ്പാ സഹായം നൽകുന്നത് ;

(സി) നബാർഡിന്റെ വായ്പാ പദ്ധതികൾ നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണ് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, കുരുമുളക് തുടങ്ങിയ എല്ലാ കാർഷിക വിളകൾക്കും ആവശ്യമായ വായ്പയ്ക്കുള്ള പുനർധന സഹായം നബാർഡ് നല്കിവരുന്നു.

(ബി) ഓരോതരം വിളയും കൃഷി ചെയ്യുന്നതിനാവശ്യമായ ഘടകങ്ങളുടെ വിലയുടെയും കൃഷിചെലവുകളുടെയും കൃഷിചെയ്യുന്ന രീതിയുടെയും അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കും നിശ്ചയിക്കുന്ന തോതിലാണ് ഹ്രസ്വകാല കാർഷിക വായ്പ നല്കുന്നത്. ഈ തോത് ഓരോ വിളയ്ക്കും ഓരോ ജില്ലയ്ക്കും പ്രത്യേകമായിരിക്കും.

(സി) സഹകരണ ബാങ്കുകളും, കൊമേഴ്സ്യൽ ബാങ്കുകളും.

ശ്രീ. കെ. മുഹമ്മദാലി : സർ, നബാർഡിന്റെ വായ്പാ പദ്ധതികളു മായി ബന്ധപ്പെട്ട് അവർ സ്വീകരിച്ചുവരുന്ന ദേശീയനയം നമ്മുടെ സംസ്ഥാനത്ത് നബാർഡിന്റെ വായ്പ കൂടുതലായി ഉപയോഗപ്പെടുത്താൻ അനുയോജ്യമല്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നബാർഡുമായി ചർച്ചചെയ്ത് പരിഹാരം ഉണ്ടാക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly